ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE:29.08.2026

1. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ സംസ്ഥാനത്ത്. ആറന്മുള ഉതൃട്ടാതി ജലോത്സവത്തിലും, തിരുവനന്തപുരത്ത് ഓണം വാരാഘോഷത്തിന്റെ സമാപനത്തിലും മുഖ്യാതിഥിയാകും.

2. സംസ്ഥാന ടൂറിസം വകുപ്പിന്റെ ഓണം വാരാഘോഷത്തിന് നാളെ സമാപനം ; വർണ്ണാഭമായ ഘോഷയാത്ര നാളെ തലസ്ഥാന നഗരിയിൽ.

3. തൃശൂർ നഗരത്തെ ആവേശത്തിലാഴ്ത്തി പുലിക്കളി ; പുലിക്കളി സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം ഒരുലക്ഷം രൂപയായി വർദ്ധിപ്പിച്ചതായി മന്ത്രി ഒ.ജെ ജെനീഷ്.

4. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്; ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

5. നേപ്പാൾ മിന്നൽ പ്രളയത്തിൽ മരണസംഖ്യ 600 കടന്നു; ഇന്ത്യൻ സഹായങ്ങൾക്ക് നന്ദി അറിയിച്ച് നേപ്പാൾ സർക്കാർ.

6. വനിതാ ട്വന്റി-20 ഏഷ്യ കപ്പിൽ ഇന്ത്യ നാളെ തായ്ലന്റിനെ നേരിടും

RNU TVPM

*************************************

## ഉപരാഷ്ട്രപതി കേരള സന്ദർശനം

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ സംസ്ഥാനത്തെത്തും. രാവിലെ കൊച്ചിയിലെത്തുന്ന അദ്ദേഹം ആലപ്പുഴയിൽ നടക്കുന്ന കേരള കൗമുദിയുടെ 115-ാാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് പത്തനംതിട്ടയിൽ ആറന്മുള ഉതൃട്ടാതി ജലോത്സവവും തിരുവനന്തപുരത്ത് ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടിയും ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന ശ്രീ സി. പി.രാധാകൃഷ്ണൻ, കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് കൊച്ചി വിമാനത്താവളത്തിൽ നിന്ന് ഡൽഹിയിലേക്ക് മടങ്ങും.

RNU TVPM

*********************************

## ഉതൃട്ടാതി ജലമേള

പ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലമേള നാളെ നടക്കും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, റോജി എം. ജോൺ, തുടങ്ങിയവർ പങ്കെടുക്കും. 51 പള്ളിയോടങ്ങളാണ് ജലമേളയിൽ അണിനിരക്കുക.

*********************************

## വി പി- ഗതാഗത നിയന്ത്രണം

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ നാളെ ഗതാഗത നിയന്ത്രണം. പത്തനംതിട്ട കോന്നി ജംഗ്ഷൻ മുതൽ ആറാട്ടുപുഴ വരെയുള്ള സ്ഥലങ്ങളിൽ ഇന്നും നാളെയും നിയന്ത്രണമുണ്ട്.

************************************

## ഗതാഗത നിയന്ത്രണം- കൊച്ചി

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെയും മറ്റെന്നാളും കൊച്ചി നഗര പരിധിയിൽ കർശന ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. ഉച്ചയ്ക്ക് 12.30 മുതൽ വൈകിട്ട് 5.30 വരെയാണ് നിയന്ത്രണം. കളമശ്ശേരി എസ്.സി.എം.എസ് ജംഗ്ഷൻ മുതൽ ടി.വി.എസ് ജംഗ്ഷൻ വരെയും, കളമശ്ശേരി എച്ച്.എം.ടി, മെഡിക്കൽ കോളേജ് റോഡ്, സീപോർട്ട്-എയർപോർട്ട് റോഡിൽ തോഷിബ ജംഗ്ഷൻ മുതൽ ഇൻഫോപാർക്ക് വെസ്റ്റ് ഗേറ്റ്, ചിത്രപ്പുഴ പാലം വരെയുള്ള പ്രദേശങ്ങളിലെ റോഡുകളുടെ ഇരുവശങ്ങളിലും വാഹന പാർക്കിംഗും വഴിയോര കച്ചവടവും അനുവദിക്കില്ല.

RNU TVPM

************************************

## ഓണം വാരാഘോഷം

സംസ്ഥാന ടൂറിസം വകുപ്പിന്റെ ഓണം വാരാഘോഷത്തിന് നാളെ സമാപനം. സമാപന പരിപാടി ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. ഇതോടനുബന്ധിച്ചുള്ള ഘോഷയാത്ര വൈകുന്നേരം കവടിയാർ മുതൽ കിഴക്കേകോട്ട വരെ നടക്കും. വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും നിശ്ചലദൃശ്യങ്ങളും കലാരൂപങ്ങളും ഘോഷയാത്രയിൽ അണിനിരക്കും. സാംസ്കാരിക ഘോഷയാത്ര, ഉപരാഷ്ട്രപതിയുടെ സന്ദർശനം എന്നിവ പ്രമാണിച്ച് നഗരത്തിൽ നാളെയും മറ്റെന്നാളും ഗതാഗത നിയന്ത്രണങ്ങളും പാർക്കിംഗ് ക്രമീകരണങ്ങളും ഏർപ്പെടുത്തി.

************************************

## പുലിക്കളി മഹോത്സവം-തൃശ്ശൂർ (ഇൻട്രോ)

ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിൽ പുലിക്കളി മഹോത്സവം. വൈകിട്ട് 5-ന് സ്വരാജ് റൗണ്ടിലെ ബിനി ജങ്ഷനിൽ മന്ത്രി ഒ.ജെ. ജനീഷ് പുലിക്കളിയുടെ ഫ്ലാഗ് ഓഫ് നിർവഹിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..........**

**(വോയ്സ്)**

***********************************

## ഒ.ജെ ജെനീഷ്

പുലികളി സംഘങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം ഒരുലക്ഷം രൂപയായി വർദ്ധിപ്പിച്ചതായി മന്ത്രി ഒ.ജെ ജെനീഷ്. ഇതിനുള്ള ഉത്തരവ് ഉടൻ ഇറങ്ങുമെന്ന് സാംസ്കാരിക മന്ത്രി പിസി വിഷ്ണുനാഥ് ഉറപ്പുനൽകിയെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളെ അറിയിച്ചു.

RNU TVPM

***********************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയും കേൾക്കാവുന്നതാണ്.

***********************************

## മോൻസ് ജോസഫ്

മുല്ലപ്പെരിയാർ സമഗ്ര സുരക്ഷ പരിശോധന സമിതി സെപ്റ്റംബർ 1 ന് ഡാമിലെത്തുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ്. സുപ്രീം കോടതി നിർദേശിച്ച പോലെ സമ്പൂർണ്ണ സുരക്ഷ പരിശോധന നടത്തണമെന്ന് കേരളം ആവശ്യപ്പെടുമെന്നും, തയ്യാറായില്ലെങ്കിൽ സുപ്രീംകോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

**********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

**********************************

## നേപ്പാൾ

പ്രളയക്കെടുതി നേരിടുന്ന നേപ്പാളിന് ഇന്ത്യ നൽകുന്ന സഹായങ്ങൾക്ക് നേപ്പാൾ സർക്കാരിന്റെ പ്രശംസ. അറുന്നൂറിലധികം ആളുകളുടെ ജീവനെടുത്ത ദുരന്തത്തിൽ ഇന്ത്യ നൽകിയ പിന്തുണ നിർണായകമാണെന്ന് നേപ്പാൾ ധനമന്ത്രി സ്വർണിം വാഗ്ലെ വ്യക്തമാക്കി. ന്യൂഡൽഹിയിൽ നിന്ന് പ്രത്യേക

PNU TVPM

ദുരിതാശ്വാസ സാമഗ്രികൾ നേപ്പാളിൽ എത്തിച്ചിട്ടുണ്ടെന്നും പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഇന്ത്യ വൻസഹായം നൽകുമെന്നറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതേസമയം പ്രളയത്തിൽ മരിച്ച 229 തിരിച്ചറിയാത്ത മൃതദേഹങ്ങൾ അടക്കം ചെയ്യാൻ അധികൃതർ തീരുമാനിച്ചു. എല്ലാ മൃതദേഹങ്ങളുടെയും ഡി.എൻ.എ സാമ്പിളുകൾ ശേഖരിക്കുമെന്നും ഭാവിയിൽ തിരിച്ചറിയൽ സാധ്യമാക്കുന്നതിനായി പ്രത്യേക തിരിച്ചറിയൽ നമ്പറുകൾ രേഖപ്പെടുത്തി വെക്കുമെന്നും അധികൃതർ അറിയിച്ചു.

*************************************

## ഇടുക്കി - നീലക്കുറിഞ്ഞി (ഇൻട്രോ)

ഇടുക്കി ചൊക്രമുടിയിലെ നീലക്കുറിഞ്ഞി ഉദ്യാനം സഞ്ചാരികൾക്കായി തുറന്നുനൽകിയതോടെ തിരക്കേറി. നീലക്കുറിഞ്ഞി ചെടികൾ നശിപ്പിക്കുന്നത് പിഴയും തടവും ലഭിക്കാവുന്ന കുറ്റമാണെന്ന് വനം വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**

(വോയ്സ്)

*************************************

## വനിതാ ടി-20

വനിതാ ട്വന്റി-20 ഏഷ്യ കപ്പിൽ ഇന്ത്യ നാളെ ആദ്യ പോരാട്ടത്തിനിറങ്ങും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ തായ്‌ലാന്റാണ് ഇന്ത്യയുടെ എതിരാളികൾ. ഇന്ത്യൻ സമയം രാത്രി 8.30 ന് മത്സരം ആരംഭിക്കും.

RNU TVPM

************************************

## ലഹരിവേട്ട

സംസ്ഥാനത്ത് ഏറ്റവും വലിയ ലഹരിവേട്ട മലപ്പുറത്ത്. ബെംഗളൂരുവിൽ നിന്ന് കേരളത്തിലേക്ക് കടത്താൻ ശ്രമിച്ച 12.8 കിലോഗ്രാം എം.ഡി.എം.എ-യുമായി മൂന്നുപേരെ പോലീസ് പിടികൂടി. മലപ്പുറം, വയനാട് സ്വദേശികളെയാണ് മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തത്. മലപ്പുറം ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘവും ജില്ലാ ഡാൻസാഫ് സ്ക്വാഡും ചേർന്ന് കോയമ്പത്തൂരിൽ വെച്ചാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്.

************************************

## പ്രധാനമന്ത്രി - സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാലു ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനം ആരംഭിച്ചു. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ അല്പം മുൻപ് അദ്ദേഹം ഉസ്ബെക്കിസ്ഥാനിലെത്തി.

RNUTVPM

********************************* **********************************